(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ ;

(സി) ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ ;

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽവാട്ടറിൽ മാലിന്യങ്ങൾ ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അനധികൃതമായി ഉൽപ്പാദനം നടത്തി വിതരണം ചെയ്യുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) മിനറൽവാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. ആരോഗ്യവകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതിയോ ലൈസൻസോ നൽകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഇതിനുള്ള അധികാരം നൽകിയിട്ടുള്ളത്.

(സി & ഡി) മായംചേർക്കൽ നിരോധനനിയമം നടപ്പിലാക്കാൻവേണ്ടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലറ്റിക്കൽ ലബോറട്ടറികളിൽ ഇതിനുള്ള സംവിധാനം ഉണ്ട്. 1954-ലെ മായം ചേർക്കൽ നിരോധന നിയമം അനുബന്ധം 32-ൽ മിനറൽ വാട്ടറിൽ അടങ്ങിയിരിക്കേണ്ട ഘടകങ്ങളുടെ പരിധി വ്യക്തമാക്കിയിട്ടുണ്ട്. മിനറൽ വാട്ടറിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) മിനറൽ വാട്ടറിൽ മാലിന്യങ്ങൾ ഉള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനുള്ള നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അംഗീകാരത്തോടും അല്ലാതെയും ഉല്പാദനം നടത്തി മോശമായ മിനറൽവാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനം

30 (*178) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഗ്രാമപഞ്ചായത്തുകൾ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന ജില്ലാ പഞ്ചായത്തുകൾ, ഒരു ജില്ലയിലുള്ള നഗരസഭകൾ, ജില്ലകൾ ഉൾക്കൊള്ളുന്ന സംസ്ഥാനം എന്നീ ഓരോ തലത്തിലും നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് വെവ്വേറെ മാർഗ്ഗ ദർശനം നൽകുന്നതിനും ഓരോ തലത്തിലും ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുണ്ടായിരുന്നതെന്ന് പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംവിധാനങ്ങളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും വ്യക്തമായി നിർവ്വചിച്ചിട്ടുണ്ടോ ;

(സി) അതതു മേഖലകളിൽ നടത്തിയിരുന്ന വികസന പ്രവർത്തനങ്ങളെപ്പറ്റി ഈ സംവിധാനങ്ങൾ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് ;

(ഡി) നിർദ്ദേശങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(ഇ) ഒരു ജില്ലയിലുള്ള ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരപ്രദേശങ്ങൾ എന്നിവ തമ്മിലും ജില്ലകൾ തമ്മിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ തമ്മിലും ഉള്ള സന്തുലിത വികസനം സാധിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതെപ്രകാരമായിരുന്നു എന്നും വിശദീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഒരു ജില്ലയിലെ വിവിധ തട്ടുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള വികസന പ്രവർത്തനങ്ങൾ ബന്ധിപ്പിക്കുന്നതിന് സംസ്ഥാന വികസന കൗൺസിൽ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) 1. വിവിധതട്ടുകളിലെ പരിപാടികൾ തമ്മിലുള്ള ആവർത്തനം, യോജിപ്പില്ലായ്മ, വൈരുദ്ധ്യങ്ങൾ എന്നിവ ഒഴിവാക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ സംയോജിത രീതിയിൽ തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനുതകുന്ന സമഗ്രമായ സമീപനവും നിർദ്ദേശങ്ങളും വ്യക്തമാക്കുന്ന സംയോജിത ജില്ലാ പദ്ധതികൾക്ക് എല്ലാ ജില്ലകളിലും രൂപം നൽകിയിട്ടുണ്ട്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും നടപ്പിലാക്കിയ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികൾ പുനരവലോകനം ചെയ്ത് ജില്ലാ ആസൂത്രണ സമിതികളുടെ അഭിപ്രായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

3. താഴെത്തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ വ്യക്തിഗത ഗുണഭോക്തൃ രീതിയിലുള്ള ആസ്തി വിതരണം നടത്താൻ പാടുള്ളൂ.

4. വിവിധതട്ടുകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന റോഡു നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

5. താഴെത്തട്ടിലുള്ള സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പരിപാടികളുടെ പൂരക സ്വഭാവം ഉറപ്പാക്കുന്നതിനും വിടവുകൾ ഒഴിവാക്കുന്നതിനും മേൽത്തട്ടു പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട ചില പ്രധാന പരിപാടികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചു നൽകി.

6. സംസ്ഥാന തല വികസന പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും മുഖേന സംസ്ഥാനത്തിന്റെ വികസന സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം മേഖലാ വിഭജനം നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. വിവിധ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന സബ്സിഡി നിരക്കുകൾ ഏകീകൃത രീതിയിലാണ് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യുല്പാദനപരമല്ലാത്ത ചിലയിനം ആസ്തികൾ വിതരണം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തി കൊണ്ടുള്ള നിർദ്ദേശങ്ങൾ.

(ഡി) ഉണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികളും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതി പരിശോധിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനു ശേഷമാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ഇ) വലിയൊരു പരിധിവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

1. വ്യക്തിഗത ഗുണഭോക്തൃ സ്വഭാവമുള്ള ആസ്തികൾ താഴെ തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

2. സബ്സിഡി അനുവദിക്കുന്നതിന് ഏകീകൃത നിരക്ക് സ്വീകരിച്ചിട്ടുണ്ട്.

3. ഉയർന്നതട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താഴെത്തട്ടിലുള്ളവയുടെ പ്രോജക്ടുകളുടെ അനുപൂരക സ്വഭാവമുള്ളവയാണ്, ഏറ്റെടുത്തിട്ടുള്ളത്.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വികസന പരിപാടികൾ സംസ്ഥാനതല പദ്ധതിയിൽ സ്വാഭാവികമായും ഉൾപ്പെടുത്താറില്ല.

LIBRARY ARCHIVES Kerala Legislative Assembly